പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 2288 09.12.2014-ൽ മറുപടിയ്ക്ക്

# തെരുവു വിളക്കുകൾ.

ചോദ്യം

ശ്രീ. കെ. എൻ. എ. ഖാദർ :

(എ) തെരുവു വിളക്കുകൾ പ്രവർത്തിപ്പിക്കുന്നതിന് ചുമതലപ്പെടുത്തിയിട്ടുള്ളത് ആരെയാണ് ;

(ബി) തെരുവു വിളക്കുകൾ യഥാസമയം പ്രവർത്തിപ്പിക്കുന്നതിലും കെടുത്തുന്നതിലും വീഴ്ചകൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) തെരുവുവിളക്കുകൾ യഥാസമയം കെടുത്താത്തതുമൂലമുള്ള വൈദ്യുതി നഷ്ടം തടയുന്നതിനായി കെ. എസ്. ഇ. ബി. യുടെ പരിശോധനാ വിഭാഗത്തിൻെറ പ്രവർത്തനത്തിൽ ഇവ കൂടി ഉൾപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ ?

ഉത്തരം

ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജ വകുപ്പു മന്ത്രി)

(എ) കെ. എസ്. ഇ. ബി. ലിമിറ്റഡിലെ ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസുകളിലെ ബ്രേക്ക് ഡൌൺ വിഭാഗത്തെയാണ് നിലവിൽ തെരുവ് വിളക്കുകൾ പ്രവർത്തിപ്പിക്കുന്നതിന് ചുമതലപ്പെടുത്തിയിരിക്കുന്നത്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) കേരള ഇലക്ട്രിസിറ്റി സപ്ലൈ കോഡ് 2014, റെഗുലേഷൻ 102 പ്രകാരം സ്ട്രീറ്റ് ലൈറ്റുകളുടെ മീറ്ററിംഗ് നടത്തേണ്ടതാകയാൽ കെ.എസ്.ഇ.ബിയിൽ നിലവിലുള്ള എല്ലാ തെരുവ് വിളക്കുകൾക്കും, പുതുതായി സ്ഥാപിക്കുന്ന ലൈറ്റുകൾക്കും മീറ്ററിംഗ് ചെയ്യുന്നതിനും അവയുടെ പ്രവർത്തനങ്ങൾ സ്വയം നിയന്ത്രിക്കുന്നതിനുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിനുമുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു. സ്ട്രീറ്റ് ലൈറ്റുകളുടെ പ്രവർത്തനം സ്വയം നിയന്ത്രിക്കുന്നതിനുള്ള ഓട്ടോമാറ്റിക് കൺട്രോളറുകൾ സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തികൾ ആരംഭിച്ചു കഴിഞ്ഞു. മാത്രമല്ല തെരുവ് വിളക്കുകൾ പകൽ സമയം കത്തിക്കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടാൽ അത് അപ്പോൾത്തന്നെ ഓഫ് ചെയ്യുന്നതുമാണ്.

സെക്ഷൻ ഓഫീസർ.